**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 341** **27-06-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലം - ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവന പദ്ധതിയുടെ പുതുക്കിയ ഗുണഭോക്തൃ പട്ടിക അനുസരിച്ച് സംസ്ഥാനത്ത് ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾ എത്രയെന്നും വീടില്ലാത്ത കുടുംബങ്ങൾ എത്രയെന്നും അറിയിക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈനായി ലൈഫ് 2020 പ്രകാരം അപേക്ഷ സമർപ്പിച്ച പുതിയ അപേക്ഷകരുടെ കരട് പട്ടിക പ്രകാരം സംസ്ഥാനത്ത് 3,28,041 ഭൂമിയുള്ള ഭവനരഹിതരും 1,86,340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ കരട് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒന്നും രണ്ടും ഘട്ട അപ്പീലുകളും ഗ്രാമസഭാ പരിശോധനയും കൂടി നടത്തി അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16 ന് പ്രസിദ്ധീകരിക്കും.<br><br>**അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കൃത്യമായ എണ്ണം വ്യക്തമാകുകയുള്ളൂ** |
| (ബി) | പട്ടികജാതി വിഭാഗത്തിൽ ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾ എത്രയെന്നും വീടില്ലാത്ത കുടുംബങ്ങൾ എത്രയെന്നും അറിയിക്കാമോ; | (ബി) | ലൈഫ് 2020 പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഭൂരഹിത ഭവനരഹിതരായി 43213 ഗുണഭോക്താക്കളും ഭൂമിയുള്ള ഭവനരഹിതരായി 60744 ഗുണഭോക്താക്കളും കരട് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിലെ എത്ര അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; പ്രസ്തുത അപേക്ഷകളുടെ വിശദവിവരം നഗരസഭ/ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ? | (സി) | ലൈഫ് പദ്ധതിയുടെ ലൈഫ് 2020 പ്രകാരം മലപ്പുറം നിയോജക മണ്ഡലത്തിലെ കരട് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| തദ്ദേശസ്വയം ഭരണസ്ഥാപനം | ഭൂരഹിത ഭവന രഹിതർ | ഭവന രഹിതർ |
|---|---|---|
| ആനക്കയം | 116 | 174 |
| കോഡൂർ | 103 | 192 |
| മലപ്പുറം നഗരസഭ | 149 | 74 |
| മൊറയൂർ | 77 | 204 |
| പൂക്കോട്ടൂർ | 71 | 163 |
| പുൽപ്പറ്റ | 66 | 399 |

| | | |
|---|---|---|
| ആകെ | 582 | 1206 |

സെക്ഷൻ ഓഫീസർ